LK/2018/20043

# ജ്യോതിർഗമയ



# ജ്യോതിർഗമയ

# ജി.എച്ച്.എസ്.എസ്. ചെർപ്പുളശ്ശേരി

# 2018 – 2019

പത്രാധിപസമിതി

അമിത്ത് ആനന്ദ്.സി

മുഹമ്മദ് അബ്ദുൾ ഹസീബ്

അഭിറാം

റോഹിത്ത് അച്ചുത്ത് കുമാർ

നിരഞ്ജന.കെ.എം

അനുപമ

# തമ:സോമാ ജ്യോതിർഗമയ:

ശാന്തി,സമാധാനം,തമ:സോമ ജ്യോതിർഗമയ;

ഇതിൽ നിന്നും സ്വാധീനം ഉൾക്കൊണ്ട് പറയട്ടെ....

നമ്മുടെ സമൂഹത്തിലും രാജ്യത്തിലും മാറി മാറി വരുന്നപരിതസ്ഥിതികൾ, സംഭവങ്ങൾ,അപകടങ്ങൾ,പ്രളയം, മാനവജീവിതത്തിന്റെ ഉയർച്ച-താഴ്ച്ച,ആശ-നിരാശ നേട്ടങ്ങൾഅസഫലതകൾ തുടങ്ങിയവ കർമ്മം ചെയ്യുവാനുള്ള ഉത്സാഹത്തിന് തടസം സൃഷ്ടിച്ചുകൊണ്ടേയിരിക്കുന്നു. എന്നിരുന്നാലും സമയവും ലോകവും അതിന്റെ തീവ്രഗതിയിൽ കുതിച്ചുകൊണ്ടേയിരിക്കുന്നു.കുതിക്കുന്ന സമയത്തിനും ലോകത്തിനും ഒപ്പം പോകാൻ സുന്ദര കേരളത്തിന്റെ വടക്കുഭാഗത്തുള്ള ബ്രിട്ടീഷ് ഭരണകാലത്ത് ഗാന്ധിജിയുടെ സന്ദർശനത്തിലൂടെ ചരിത്രത്തിലിടം നേടിയ ഗവ:ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ശ്രമിക്കുന്നു.ഈ ഡിജിറ്റൽ ലോകത്ത് ഒരു ഡിജിറ്റൽ മാഗസിൻ സമയപരിധിക്കുള്ളിൽ നിന്ന്കൊണ്ട് കഥ, കവിത, യാത്രാവിവരണം, ശാസ്ത്രക്കുറിപ്പുകൾ... എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് തയ്യാറാക്കാൻ ശ്രമിച്ചിരിക്കുന്നു.ജ്യോതിർഗമയ അന്വർത്ഥമായ പ്രതീതി ജനിപ്പിക്കുന്നു.

പ്രധാനാദ്ധ്യാപിക ശ്രീമതി. ഉഷാരത്നം ടീച്ചർ, ഡെപ്യൂട്ടി എച്ച്. എം. ശ്രീ എം. ആർ. അരുൺ സർ,HSS വിഭാഗം പ്രിൻസിപ്പാൾ ശ്രീ. ജോസ് സർ,VHSE വിഭാഗം പ്രിസിപ്പാൾ ശ്രീ. ജയകുമാർ സർ തുടങ്ങിയവരുടെ സന്ദേശവും പ്രേരണയും ഞങ്ങൾക്ക് ഊർജ്ജം പകർന്നു. എടുത്ത് പറയേണ്ട വസ്തുത പൂർവ്വ എച്ച്.എം. ശ്രീ. രാമകൃഷ്ണൻ സാറിന്റെ കാലത്താണ് ഇവിടെ ഒരു ലിറ്റിൽ കൈറ്റ്സ് ക്ലബ് രൂപീകൃതമായത്. അദ്ധേഹത്തേയും നന്ദിപൂർവ്വം സ്മരിക്കുന്നു.ലിറ്റിൽ കൈറ്റ്സിന്റെ ആരംഭത്തിൽ എല്ലാ പിന്തുണയും നൽകിയ മുൻ പി.ടി.എ പ്രസിഡന്റ് ശ്രീ കൃഷ്ണദാസ് സാറിന് നന്ദി രേഖപെടുത്തുന്നു.

ഇന്നത്തെ ഇന്റർനെറ്റ് ലോകത്തിന്റെ പ്രകാശത്തിലേക്ക് ഞങ്ങളെ ശാസിച്ചും സ്നേഹിച്ചും കൈ പിടിച്ചു യർത്തിയ ഞങ്ങളുടെ കൈറ്റ് മാസ്റ്റർ ശ്രീ.അബ്ദുൽ ആരിഫ് സാറിനോടും കൈറ്റ് മിസ്ട്രസ്സ് ശ്രീമതി. എം.എസ്. ഷൈല ടീച്ചറിനോടും ഞങ്ങൾ കടപ്പെട്ടിരിക്കുന്നു.

ഒന്നു പറയട്ടെ, നാട്ടിൽ സമാധാനത്തിന്റെ ആവശ്യകത വളരെ വേണ്ടിവന്ന ഈ സാഹചര്യത്തിൽ "സമാധാനത്തിന്റെ മതിൽ " നിർമ്മിച്ച് ആ പവിത്രതയിലേക്ക് ഞങ്ങളെ എത്തിച്ച പ്രതിഭകൾ സുരേഷ്.കെ. നായർക്കും ശിഷ്യർക്കും നന്ദി.

നന്ദിയാരോട് ചൊല്ലേണ്ടു എന്ന സംശയം ഞങ്ങൾക്കില്ല.

തമസിൽ ജ്ഞാനത്തിന്റെ ജ്യോതി ഞങ്ങളുടെ ഹൃദയത്തിൽ  കൊളുത്തിതന്ന ഞങ്ങളുടെ പ്രിയപ്പെട്ട ഗുരുജനങ്ങളെ നന്ദി;നമസ്കാരം,അനുഗ്രഹിക്കുക.

പ്രിയപ്പെട്ട മറ്റ് കൂട്ടുകാർക്കും ഓഫീസ് സ്റ്റാഫിനും പത്രാധിപർ എന്ന നിലയിലും ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ പേരിലും ഹൃദയത്തിൽ ചേർത്തുവച്ച നന്ദി;നമസ്കാരം.

പത്രാതിപർ

എൽ.കെ. അമിത്ത് ആനന്ദ് .സി

ഉഷ രത്നം. റ്റി
എച്ച്എം
ജി.എച്ച്.എസ് ചെർപ്പുളശ്ശേരി



കലുഷിതമായ ഇന്നത്തെ സമൂഹത്തിൽ സമാധാനത്തിന്റെ പ്രാധാന്യം വളരെ വലുതാണ്. ചന്ദ്രനിൽ നിന്ന് തുടങ്ങി സൂര്യനിൽ അവസാനിക്കുന്നതാണ് നമ്മുടെ മതിൽ. ചന്ദ്രൻ നമ്മുടെ മനസിന്റെ ശാന്തതയേയും സൂര്യൻ നമ്മുടെ ഊർജ-സ്വലതയേയും സൂചിപ്പിക്കുന്നു. നമ്മുടെ ചെർപ്പുളശ്ശേരിയുടെ ചരിത്രത്തേയും പാരമ്പര്യത്തേയും ഈ മതിൽ സൂചിപ്പിക്കുന്നുണ്ട്. ഇത് വരും തലമുറയുടെ മുതൽക്കൂട്ടാണ്. ഈ മതിൽ സംരക്ഷിക്കേണ്ടത് നാം ഓരോരുത്തരുടെയും കടമയാണ്.



എം.ആർ അരുൺ

ഡെപ്പ്യൂട്ടി എച്ച്.എം

ജി.എച്ച്.എസ്.എസ് ചെർപ്പുളശ്ശേരി

ലിറ്റിൽ കൈറ്റ്സിന്റെ  ആഭിമുഖ്യത്തിൽ 2019 ൽ പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിൻ വിദ്യാർത്ഥികളിൽ പുതിയ സാങ്കേതിക വിദ്യയുടെ ഉപയോഗം പരിചയപ്പെടാൻ ഏറെ സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു

ശ്രീ ജോസ്

എച്ച്.എസ്.എസ്.
പ്രിൻസിപ്പാൾ
ചെർപ്പുളശ്ശേരി



ചെർപ്പുള്ളശ്ശേരി ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് ആദ്യമായി എല്ലാ ആശംസകളും വിജയങ്ങളും നേരുന്നു. നിങ്ങളുടെ ഡിജിറ്റൽ മാഗസിൻ പ്രകാശനം ചെയ്യുന്ന ഈ വേളയിൽ നമ്മുടെ വിദ്യാലയം പ്രശസ്തിയിലേക്ക് മുന്നേറുകയാണ്.അക്കാദമിക കലാ കായിക മേഖലകളിലും ഭൗതീക സാഹചര്യങ്ങൾ വികസിപ്പിക്കുന്നതിലും നമ്മുടെ സ്കൂൾ മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടത്തുന്നത്.

നമ്മുടെ ഹൈസ്കൂളിന്റെ മുൻവശം
ടൈലുകൾ വിരിച്ച് മനോഹരമായ നടപ്പാത നിർമ്മിച്ചു. അതുപോലെ
സ്കൂൾ ഗ്രൗണ്ടിന്റെ മതിലിൽ സ്വാതന്ത്ര്യസമരത്തിൽ ചെർപ്പുള്ളശ്ശേരിയുടെ പങ്ക് വിവരിക്കുന്ന മോഹരമായ ദൃശ്യങ്ങൾ ആലേയനം ചെയ്തിരിക്കുന്ന "സമാധാനത്തിന്റെ മതിൽ" എന്ന് നാമകരണം ചെയ്തിരിക്കുന്ന ഈ മതിൽ ഇന്ന ലോകപ്രസിദ്ധമായിരിക്കുകയാണ്.ലോകപ്രശസ്ത ചുമർ ചിത്രകാരനും ബനാറസ് ഹിന്ദു സർവ്വകലാശാലാ പ്രൊഫസറുമായ ശ്രീ.സുരേഷ് കെ.നായരുടെ നേതൃത്വത്തിൽ അദ്ദേഹത്തിന്റെ 15 ഓളം ശിഷ്യരുടെയും സഹായത്താലാണ് ഈ പ്രശസ്തമായ "സമാധാനത്തിന്റെ മതിൽ" രൂപം കൊണ്ടത്.

നമ്മുടെ സ്കൂൾ ഇനിയും കൂടുതൽ കൂടുതൽ ഉയർങ്ങളിലേക്ക് എത്തിക്കുന്നതിന്"LITTLE KITES"ന്റെ പ്രവർത്തകരായ എല്ലാവർക്കും അവരുടെതായ സംഭാവനനൽകുവാൻ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

O.Vinod
HST English
Vijayasree cordinator



I feel immensely proud and happy to be a part of your new venture of publishing a magazine.

While addressing the largest student IT network in the country -Little kites- I humbly remind you to be more concerned about the objectives of this programme. It's your onus to utilise this great opportunity to develop a culture for apt usage of technology and software.

The modern world expect a lot from you little masters of IT . You may always initiate innovative activities in this arena to change yourself, and the society you live in.

Wish you all success in your great endeavour of creating the magazine,
with love

Vinod

**ഉള്ളടക്കം**


ചെർപ്പുളശ്ശേരി ഗവ: ഹൈസ്കൂളിന്റെ ചരിത്രം........10
ഓട്ടം........24
ക്വിസ്........27
സമാധാന നൊബേൽ........28
എക്സ്-റേ ഉണ്ടാക്കുന്നത്?........47
ഭൗതിക ശാസ്ത്രത്തിലെ........48
ആദ്യ നോബൽ........48
മനുഷ്യരാശിയുടെ മുഴുവൻ നന്മയ്ക്ക്........48
ദരിദ്രനായി മരിച്ചു........48
SCHOOL NCC CADETS........49
കത്ത്........19
അനന്തു........19

## ചെർപ്പുളശ്ശേരി ഗവ: ഹൈസ്കൂളിന്റെ ചരിത്രം

ഒരു ദേശത്തിന്റെ സാംസ്കാരിക കേന്ദ്രങ്ങളായി പണ്ട് പരിഗണിച്ചിരുന്നത് ക്ഷേത്രങ്ങളും കൊട്ടാരങ്ങ്ഭങ്ങളമൊക്കെ ആയിരുന്നു. വിദ്യാഭാസം സാർവ്വത്രികമായതോടെ ആ സ്ഥാപനം നാട്ടിലെ പാഠശാലകൾക്ക് കൈവന്നു. ചെർപ്പുളശ്ശേരിയും ഇതിനു ഒരു അപവാദമല്ല.
1873[i] ലാണ് സാധാരണജനങ്ങളുടെ വിദ്യാഭാസം ലക്ഷ്യമാക്കി മദ്രാസ് ഗവൺമെന്റിന്റെ കീഴിൽ ചെർപ്പുളശ്ശേരിയിൽ ഒരു സ്കൂൾ സ്ഥാപിതമാകുന്നത്.മലപ്പുറം സർക്കിൽ ആകെ അന്ന് 3 മിഡിൽ
സ്കൂളുകളാണ് ഉണ്ടായിരുന്നത്. ഒന്ന് മഞ്ചേരിയിലും മറ്റൊന്ന് പെരിന്തൽമണ്ണയിലും പിന്നെ ചെർപ്പുളശ്ശേരിയിലും.
1992 ൽ ഇത് ഹൈസ്കൂൾ ആയി ഉയർത്തി. അതിന് ശേഷവും വർഷങ്ങളോളം ഇപ്പോൾ സർക്കാർ ആശുപത്രി സ്ഥിതി ചെയ്യുന്ന സ്ഥലത്താണ് പ്രവർത്തിച്ചിരുന്നു. സൗകര്യങ്ങൾ എല്ലാം പരിമിതമായിരുന്നു. എലിമെന്ററി സ്കൂൾ ക്ലസ്സുകളെല്ലാം ഓലമേഞ്ഞ കെടിടത്തിലാണ് പ്രവർത്തിച്ചിരുന്നത്.5-ാം ക്ലാസ് മുതലുള്ളവർക്ക് ഓടിട്ട ക്ലാസ് മുറിക്കൾ ഉണ്ടായിരുന്നു. എലിമെന്ററി സ്കൂളിൽ ഫീസില്ല. സാധാരണക്കാരന് താങ്ങാനാവാത്ത ഫീസായിരുന്നു അന്ന് മിഡിൽ സ്കൂളിൽ.
1930 കളിൽ ഈ സ്കൂളിൽ പഠിച്ചിരുന്ന ശ്രീ. കുറുമാപ്പള്ളി കേശവൻ നമ്പൂതിരി( റിട്ടയേർഡ് ഡി.ഇ.ഒ)മാസം ആറു രൂപ കൊടത്തിരുന്നതായി സാക്ഷ്യപ്പെടുത്തുന്നു. 1913-ൽ സ്കൂളിൽ പഠിച്ചിരുന്ന ആകെ വിദ്യാർത്തിക്കളുടെ എണ്ണം128 ആയിരുന്നു. ചില ക്ലാസ്സുക്കൾ എണ്ണം 10-ൽ താഴെ മാത്രം. ആകെ 15 പെൺകുട്ടികളെ സ്കൂളിലുണ്ടായിരുന്നുള്ളൂ. ഒരോ ക്ലാസ്സിനും ഒരോ അധ്യാപകൻമാത്രം.ഫീസില്ല,ഗുമസ്തനില്ല, മാത്രം.ഫീസില്ല,ഗുമസ്തനില്ല,ബെല്ലടിക്കാൻ ഒരു ശിപായിയും തൂപ്പുകാരനുമുണ്ടായിരുന്നു. ഇംഗ്ലീഷ്,മലയാളം,കണക്ക്,ഭൂമിശാസ്ത്രം, ഇന്ത്യാചരിത്രം ഇവയാണ് പഠന വിഷയങ്ങൾ. 3-ാം ഫോറം മുതൽ പഠന മാധ്യമം ഇംഗ്ലീഷായിരുന്നു എന്നെല്ലാം പൂർവ്വ വിദ്യാർത്തിയായ പി.കൊച്ചുണ്ണിപണിക്കർ സ്മരിക്കുന്നു.

സ്കൂളിന്റെ അന്നത്തെ ഭൗതികസാഹചര്യങ്ങൾ വളരെ മോശമായിരുന്നു എന്ന് സൂചിപ്പിച്ചല്ലോ. എത് പരിഹരിക്കാൻ മുൻകൈയെടുത്തത് അന്നത്തെ ഹെഡ്മാസ്റ്റർ ആയിരുന്ന പനങ്ങാട് നാരായണമേനോനാണ്. സ്കൂൾ സന്ദർശനത്തിന് വന്ന വിദ്യാഭ്യാസ ഓഫീസറെ കൊണ്ട് സ്കൂൾ കെട്ടിടത്തിൻന്റെ അവസ്ഥ”***worse than a cow shed”*** എന്ന് റിപ്പോട്ട് എഴുതിച്ചു . ഇതുമായി മേലധികാരികളെ കണ്ട് അനുയോജ്യമായ സ്ഥലം കണ്ടെത്തി

സ്കൂൾ മാറ്റിപണിയുന്നതിന് ഏറ്റവും പരിശ്രമിച്ച വ്യക്തി ഇദ്ദേഹം തന്നെയാണ്. 1936 ലാണ് ചെർപ്പുളശ്ശേരി ഹൈസ്കൂൾ അടിക്കുന്നിന്റെ താഴ്വരയിലുള്ള ഇപ്പോഴത്തെ സ്ഥലത്തേക്ക്മാറ്റി സ്ഥാപിച്ചത്.മോഴിക്കുന്നത്ദത് മന, കുറുമാപ്പള്ളി മന, പനങ്ങാട് വീട് എന്നീ തറവാട്ടുകാരലാണ് സ്കൂളിനാവിശ്യമായ സ്ഥലം അന്ന് ഉണ്ടയിരുന്നതായി പറയപ്പെടുന്നു. റീ സർവ്വേ പ്രകാരം ഇപ്പോൾ 11.5 ഏക്കർ സ്ഥലമാണ് ഉള്ളത്.

36000 രൂപ ചെലവിൽ ഒരു വർഷക്കാലംകൊണ്ടാണ് സ്കൂളിന്റെ പ്രധാന കെട്ടിടം പണി കഴിപ്പിച്ചത്. മെയിൻ ബ്ലോക്കും ഹാളും ഇന്നു യാതൊരു കേടും കൂടാതെ നില നിൽക്കുന്നു. അക്കാലത്തെ ഹെഡ്മാസ്റ്ററായിരുന്ന പനങ്ങാട്ട് നാരായണമേനോനെ നാട്ടുകാരും വിദ്യാർത്ഥികളും ഏറെ ബഹുമനിച്ചിരുന്നു. ചിത്രകാരനായിരുന്ന രാമവാരിയർ അക്കാലത്ത് വരച്ച ഇദ്ദേഹത്തിന്റെ പൂർകായഹൈസ്കൂൾ എണ്ണച്ചായചിത്രം ഇപ്പോഴും സ്കൂളിലുണ്ട്. പനങ്ങട്ട് കുമാരമേനോനും ഈ വിദ്യാലയത്തി ചെർപ്പുളശ്ശേരിലെ ശ്രദ്ധേയരായ പ്രധാനദ്ധ്യാപകരിൽ ഒരാളായിരുന്നു. ഈ കാലഘട്ടത്തിൽ പട്ടാമ്പി,ഒറ്റപ്പാലം, ചെർപ്പുളശ്ശേരി, പെരിന്തൽമണ്ണ എന്നീ സ്ഥലങ്ങൾ കഴിഞ്ഞാൽ പാലക്കാട് മാത്രമേ ഹൈസ്കൂൾ ഉണ്ടായിരുന്നുള്ളൂ.

1934 ൽ ഗാന്ധിജി കേരളം സന്ദർസിച്ചപ്പോൾ ചെർപ്പുളശ്ശരിയിൽ വന്ന് പ്രസംഗിച്ചിരിന്നു.ആ സ്ഥലത്ത് പിന്നീട് സ്ഥാപിച്ച രാഷ്ട്ര പിതാവിന്റെ പ്രതിമ പ്രധാന കെട്ടിടത്തിന്റെ മുൻഭാഗത്തെ അലങ്കരിക്കുന്നു . അക്കാലത്ത് സിലോണിൽ ജോലി ചെയ്തിരുന്ന പി.ജി.മേനോനാണ് ഇതിന്റെ ചെലവ് വഹിച്ചത്.

വിദ്യാലയ വളപ്പിലും ഗ്രൗഡിന്റെ അരികിൽ ഉടനീളവും തണൽവിരിച്ച് നിൽക്കുന്ന പേരാലുകളും മാവുകളും മറ്റും ഈ സ്കൂളിന്റെ മിഖ മുദ്ര തന്നെയാണ്. 1950 ലെ വൃക്ഷദിനത്തിൽ ഒരോ ആൽമരം എന്ന രീതിയിൽ ആണ് ഗ്രൗണ്ടിന്റെ കിഴക്ക് വശത്തെ മരങ്ങൾ നട്ടുപിടിപ്പിച്ചത് വിവിധയിനം ഒട്ടുമാവുകൾ നിറഞ്ഞ മാന്തോപ്പും ചെമ്പകമരവുമെല്ലാം ഇവിടെ പഠിച്ചിറങ്ങിയവരുടെ ഹ്യദ്യമായ ഓർമകളാണ്.സ്കൂൾ വളപ്പിനെ ഹരിതാഭമാകുന്നതിൽ പ്രധാന പങ്കുവഹിച്ചത് അക്കാലത്തെ പ്രധാനാദ്ധ്യാപകൻ വി.പി. വെങ്കിടാചലം, തോട്ടകാരൻ രാമനെഴുത്തച്ഛത്തൻ എന്നിവരാണ്. ഇക്കാലത്തെല്ലാം സ്കൂൾ മലബാർ ഡിസ്ട്രികറ്റ് ബോർഡിന്റെ കീഴിലായിരുന്നു.

ആർ.എം.പാലാട്ട്,പി.ട്ടി.ഭാസ്കരപ്പണിക്കർ എന്നിവർ ഡിസ്ട്രികറ്റ് ബോർഡ് പ്രസിഡണ്ടുമാരായിരിക്കെ സ്കൂളിന് ധാരാളം സഹായം ലഭിച്ചിട്ടുണ്ട് ഐക്യകേരളം നിലവിൽ വന്നതിനു ശേഷം ഡിസ്ട്രികറ്റ് ബോർഡുകൾ പിരിച്ചുവിട്ടു.

1958 മുതൽ സ്കൂൾ പൂർണ്ണമായി കേരള ഗവൺമെന്റിന്റെ കീഴിലായി.തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് പ്രാധാന്യം നലകി കൊണ്ട് 1957-62 കാലഘട്ടത്തിൽ ഈ സ്കൂളിൽ എഞ്ചിനിയറിഗ് കോഴ്സുകൾ നടത്തിയിരുന്നു എന്നത് ഇന്നും അത്ഭുതപ്പെടുത്തുന്ന

വസ്തുതയാണ്.എഞ്ചിനിയറിഗ് ബ്ലോക് എന്നറിയപ്പെടുന്ന കെട്ടിടം പടിഞ്ഞാറുവശത്ത് ഇന്നും നിലനിൽക്കുന്നു.കേരളത്തിന്റെ സ്വന്തം ആയോധന കലയായ 'കളരി'വിധിയാംവണ്ണം പഠിപ്പിച്ചിരുന്ന കളരി ഷെഡായിരുന്നു മറ്റൊരു വിസ്മയം.കളരിഷെഡ് പൂർണ്ണമായി നശിച്ചു പോയി.

Diversified course ന്റെ ഭാഗമായി ഇലക്ട്രികൽ, മെക്കാനിക്കൽ, കാർപെന്റെറി,സെക്രട്ടേറിയൽ(ടൈപ്പ് റൈറ്റിങ്ങ്)ഉടങ്ങിയവ വിദഗ്ധരായ അധ്യാപകർ തന്നെ പഠിപ്പിച്ചിരുന്നു.തലശ്ശേരി കതിരൂരിൽ നിന്നും വന്ന വാസവൻ ഗുരുക്കളായിരുന്നു കളരിയുടെ മുഖ്യ  പരിശീലകൻ.സ്കൂളിലെ കളരി സംഘം ഡൽഹിയിൽ പോയി റിപ്പബ്ലിക്ക് ദിന പരേഡിൽ
പങ്കെടുത്തിട്ടുണ്ട്.
1962 ഓടെ ഇത്തരം കോഴ്സകളെല്ലാം നിലച്ചു പോയി.

ആദ്യകാലങ്ങളിലെ സ്കൂളിലെ മെടിക്കുലേഷൻ വിജയ ശതമാനം 34-35 ശതമാനംആയിരുന്നെങ്കിൽ 1951-ൽ 84% പേർ വിജയിച്ചിരുന്നതായി ശ്രീ കുറുമാപ്പള്ളി കേശവൻ നമ്പൂതരിയിൽ നിന്നും അറിയാൻ കഴിഞ്ഞു. 1956-1957-ലെ സ്കൂൾ റിപ്പോർട്ട് പ്രകാരം സ്കൂളിലെ 381 ആൺകുട്ടികളും 283 പെൺകുട്ടികളും അടക്കം 614 വിദ്യാർത്ഥികൾ പഠിച്ചിരുന്നു. 98 പേരിൽ44 പേർ(45%) SSLC പരീക്ഷ പാസായി.എഞ്ചിനിയറിഗ് ബ്ലോകിന്റെ  നിർമ്മാണത്തോടോപ്പം രക്ഷിതാക്കളുടെ സംഭാവനകൊണ്ട് ഒരു പുതിയ ഷെഡും ഈ വർഷം നിർമ്മിച്ചതായി ഹെഡ് മാസ്റ്ററുടെ റിപ്പോർട്ടിലുണ്ട്.   NCC പ്രവർത്തനവും കായിക പരിശീലനവും അക്കാലത്തു തന്നെ    കാര്യക്ഷമമായി നടന്നിരുന്നു.

സ്കൂളിൽവെച്ച് നടന്ന ഒരു ചിത്രകലാ പ്രദർശനത്തിന്റെ സംഭാവനയാണ് മെയിൻഹാളിനെ അലങ്കരിക്കുന്ന എണ്ണച്ചായചിത്രങ്ങൾ.1972 ൽ സ്കൂളിന്റെ സുവർണ്ണജൂബിലി ഭംഗിയായി ആഘോഷിച്ചതിനെ
കുറിച്ച് അക്കാലത്ത് ഇവിടെ ജോലി ചെയ്തിരുന്ന സയൻസ് അധ്യാപകൻ ശ്രീ ശിവരാമൻ മാസ്റ്റർ വിവരിക്കുന്നത് ഇങ്ങനെയാണ്. ജൂബിലിആ-ഘോഷങ്ങളുടെ ഉദ്ഘാടനം നിർവഹിച്ചത് പ്രശസ്ത അക്കാദമിക് പണ്ഡിതൻ ശ്രീ പി.പി ഉമ്മർകോയയാണ്. ജൂബിലിയോടനുബന്ധിച്ച് ഏഴു ദിവസം നീണ്ടുനിന്ന ശാസ്ത്ര-സാങ്കേതിക പ്രദർശനം നടക്കുകയുണ്ടാ-യി. അന്നത്തെകാലത്ത് പതിനായിരത്തോളം ആളുകൾ പ്രദർശനം കാണാൻ എത്തി.  മലമ്പുഴ അക്വോറിയം സ്റ്റാൾ, കൗതുകം നിറഞ്ഞശാസ്ത്ര പരീക്ഷണങ്ങൾ ഉൾപ്പെടുന്ന സയൻസ് സ്റ്റാളുകൾ

എന്നിവ വിദ്യാർത്ഥികളെയും പൊതുജനങ്ങളെയും ഒരുപോലെ ആകർഷിച്ചു. അന്നും അടിക്കുന്നിന്റെ താഴ്വരയിലുള്ള വിദ്യാലയവളപ്പിൽ
ജലക്ഷാമം രൂക്ഷമായിരുന്നു അത് ഇപ്പോഴും തുടരുന്നു.

പാഠ്യേതര പ്രവർത്തനങ്ങളിലും സ്കൂൾ ആദ്യകാലം മുതലേ മുൻപന്തിയിലായിരുന്നു വെള്ളിനേഴി സുബ്രഹ്മണ്യ ഭാഗ്യവതർ, പി.സരോജിനി കോവിലമ്മ തുടങ്ങിയവർ സംഗീത അധ്യാപകരായിരു-ന്നു.ഇതിനു പുറമേ ഡ്രോയിംഗ്,ഡ്രാഫ്റ്റ്,നെയ്ത്ത് എന്നിവ പരിശീലിപ്പിക്കു ന്നതിനും പ്രത്യേകം അധ്യാപകരുണ്ടായിരുന്നു

അത്ലറ്റിക്സ്,ഫുട്ബോൾ തുടങ്ങിയ കായിക മേഖലകളിലും സ്കൂളിന് സമൃദ്ധമായ പാരമ്പര്യമുണ്ട്.സ്കൂളിന്റെ ജൂനിയർ,സീനിയർ ഫുട്-ബോൾ ടീമുകൾ മിക്കവാറും എല്ലാ വർഷങ്ങളിലും ജില്ലയിൽ ചാമ്പ്യന്മാ-രായിരുന്നു. ഹസ്സൻ,ഹുസ്സൻ എന്നീ ഇരട്ട സഹോദരന്മാർ കായിക രംഗത്ത് സംസ്ഥാനതലത്തിൽ നേട്ടങ്ങൾ കൊയ്തവരാണ്. സന്തോഷ് ട്രോഫി ഫുട്ബോളിൽ തമിഴ് നാടിന് വേണ്ടി കളിച്ചിരുന്ന റെയിൽവെ താരം ശ്രീ ബാലൻ ഈ സ്കൂളിലെ പൂർവ്വവിദ്യാർത്ഥിയാണ്.കലാപരിപാ-ടികൾ, സാഹിത്യസമാജം എന്നിവ നടത്തുന്നതിന് കലാ മന്ദിരം എന്ന-പേരിൽ ഒരു ഹാളുണ്ടായിരുന്നു. ക്രമാനുഗതമായി സ്കൂളിൽ കുട്ടികൾ വർ-ദ്ധിച്ചപ്പോൾ ഈ ഹാൾ 5 ക്ലാസ് മുറികളായ് തിരിച്ചു. ഈ കെട്ടിടത്തിലി-പ്പോഴും ക്ലാസുകൾ നടക്കുന്നുണ്ട്. സുസജ്ജമായ ലാബുകൾ അന്ന് സ്കൂളിലു ണ്ടായിരുന്നു.അധ്യാപകരും കുട്ടികളും ഈ സൗകര്യം ഉപയോഗപ്പെടുത്തിയിരുന്നു. എന്നാൽ കാലക്രമേണ കുട്ടികളുടെ എണ്ണം വർദ്ധിച്ചപ്പോൾ സൗകര്യം ഒന്നു തികയാതെയായി

നഗരാതിർത്തിയിലുള്ള പുത്തനാൽകാവിലെ വേലാഘോഷങ്ങളോടനുബന്ധിച്ച് കാളവേല ദിവസം വിദ്യാലയത്തിൽ നിന്നും സ്കൂൾവേല ആരംഭകാലം മുതൽ ഇതുവരെയും മുടങ്ങാതെ നടന്നുവരുന്നു. ആനയും വാദ്യമേളങ്ങളുമായി നടത്തുന്ന ഈ വേലയിൽ അധ്യാപകരും വിദ്ധ്യാർത്ഥികളും നാട്ടുകാരും ആഹ്ലാദത്തോടെ പങ്കെടുത്തു വരുന്നു.ഏവരുടെയും സാമ്പത്തിക സഹകരണത്തോടെ 20 ക്ലാസ്സ്മുറികൾ നിർമ്മിക്കാനും ചുറ്റുമതിൽ പൂർത്തിയാക്കാനും ആത്മാർത്ഥമായ ശ്രമങ്ങൾ ഇക്കാലത്ത് നടന്നു. ഇന്നുകാണുന്ന ജൂബിലി സ്മാരകമന്ദിരത്തിന്റെ ആദ്യത്തെ നില 5 ക്ലാസ് മുറികളുടെ നിർമ്മാണം പൂത്തിയായി. ചുറ്റുമതിൽ നിർമ്മാണം ഏറെക്കുറെ മുഴുവനാക്കാനും കഴിഞ്ഞു പിന്നിട് ജൂബിലി മന്ദിരത്തിന്റെ മുകളിൽ പി.ടി.എ. യുടെ

സഹായത്തോടെ 5 ക്ലാസ് മുറികളുടെ കൂടി നിർമ്മിക്കാൻ കഴിഞ്ഞു. ഇതോടെ ദീർഘകാലം ഏവടെയും ബുദ്ധിമുട്ടിച്ചിരുന്ന സെഷണൽ സമ്പ്രദായം സ്ഥിരമായി അവസാനിപ്പിക്കാൻ കഴിഞ്ഞു എന്നത് ആഹ്ലാദകരമായ കാര്യമാണ്.

വിദ്യാഭാസത്തോടൊപ്പം തൊഴിൽ പരിശീലനം കൂടി ലക്ഷ്യമാക്കി കേരള ഗവ: 1984 ലാണ് വൊക്കഷണൽ ഹയർസെക്കന്ററി

സ്കൂളായി ഉയർത്തപ്പെട്ടു. 2 ബാച്ച് മെഡിക്കൽ ലബോറട്ടറി ടെക്നീഷ്യ കോഴ് സാണ് ഇതിന്റെ ഭാഗമായി ആരംഭിച്ചത്. പിന്നീട് 1997 ലും 2007 ലും ഓരോ തൊഴിലധിഷ്ഠിത കോഴ്സുകൾ കൂടി തുടങ്ങി.

കോളേജുകളിൽ നിന്നും പ്രീഡിഗ്രി കോഴ്സുകൾ മുഴുവനായി എടുത്തു മാറ്റാൻ തീരുമാനിച്ച 2000 ത്തിൽ തന്നെ നമ്മുടെ സ്കൂളിലും ഹയർസെക്കന്ററി കോഴ്സുകൾ തുടങ്ങി.ഇന്ന് സയൻസ്, കൊമേഴ്സ്,ഹ്യുമാനിറ്റീസ് വിഭാഗങ്ങളിലായി 7 ബാച്ചുകളുള്ള ജില്ലയിൽ തന്നെ വലിയ ഹയർ സെക്കന്ററി സ്കൂളായി ഇതു ഉയർന്നു കഴിഞ്ഞു.

എൻ.എസ്.എസ്,എൻ.സി.സി,സ്കൗട്ട് & ഗൈഡ്,ജൂനിയർ റെഡ് ക്രോസ്,ദേശീയഹരിതസേന, എന്നിവയുടെ യൂണിറ്റുകൾ സ്കൂളിൽ പ്രവർത്തിച്ചുവരുന്നു. 'മാതൃഭൂമി സീഡ് 'പ്രവർത്തനങ്ങളിൽ സംസ്ഥാന തലത്തിൽ അംഗീകാരം നേടാൻ കഴിഞ്ഞിട്ടുണ്ട്. ഫുട്ബോൾ അത് ലറ്റിക്സ് എന്നിവയിൽ സ്ഥിരമായി കോച്ചിംഗ് നടക്കുന്നുണ്ട്.

ഈ സ്കൂളിൽ സേവനമനുഷ്ഠിച്ചിരുന്ന ഹെഡ്മാസ്റ്റർ പരേതനായ എ.വി.ബാലകൃഷ്ണൻ വാര്യർ,പ്രിൻസിപ്പൾ ശ്രീ വിജയകൃഷ്ണൻ മാസ്റ്റർ എന്നിവർ അധ്യാപക അവാർഡ് നേടിയിട്ടുണ്ട്. ഇടക്കാലത്ത് അല്പം പുറകോട്ട് പോയിരുന്ന അക്കാദമിക് നിലവാരം തിരിച്ചു പിടിക്കാൻ സമീപകാലത്തെ കൂട്ടായപ്രവർത്തനം കൊണ്ട് സാധിച്ചിട്ടുണ്ട്. എസ്.എസ്.എൽ.സി,വ്.എച്ച്.എസ്.ഇ,എച്ച്.എസ്.എസ് വിഭാഗങ്ങളിൽ കുറച്ച് കാലങ്ങളായി കൈവരിക്കുന്ന ഉയർന്ന വിജയശതമാനം ഇക്കാര്യത്തിൽ അടിവരയിടുന്നു.

മാതൃം.മഞ്ചേരി,പെരിന്തൽമണ്ണ,ചെർപ്പുളശ്ശേരി.

1922:വിദ്യാലയം ഹൈസ്കൂൾ എന്നനിലയിൽ ഉയർത്തപ്പെടുന്നു.
ഇപ്പോഴത്തെ ഗവഃആശുപത്രി നിലകൊള്ളുന്ന സ്ഥലത്തിയിരുന്നു
അന്ന് വിദ്യാലയം സ്ഥിതിചെയ്തിരിന്നത്.

1873: ബ്രിട്ടീഷുകാർ മദ്രാസ് പ്രസിഡൻസിക്കു കീഴിൽ
ചെർപ്പുളശ്ശേരിയിൽ ഒരു വിദ്യാലയം ആരംഭിക്കുന്നു.

അക്കാലത്ത് മലപ്പുറം സർക്കിളിൽ 3 വിദ്യാലയങ്ങൾ
ശോചവനീയാവസ്ഥയെ കുറിച്ച് അന്നത്തെ ഹെഡ്മാസ്റ്റർ
അന്നത്തെ അധികാരികൾക് കത്തെഴുകി
1934:ഗാന്ധിജിയുടെ വിദ്യാലയ സന്ദർശനം, പ്രഭാഷണംഎന്നിവ നടന്നു.
1936: വിദ്യാലയം ഇപ്പോൾ നിലകൊള്ളുന്ന സ്ഥലത്തേക്ക് മാറ്റി-
സ്ഥാപിക്കപ്പെട്ടു.ഗാന്ധിജിയുടെ സന്ദർശനത്തിന്റെ സ്മരണക്കായി
വിദ്യാലയാങ്കണത്തിൽ ഗാന്ധിപ്രതിമനിർമ്മാണം,വിദ്യാലയത്തിനാവശ്യമായ സ്ഥലം നൽകിയത് കുറുമാപള്ളി മന,മോഴിക്കുന്നത്ത് മന,പനങ്ങാട്ട്-
വീട്,എന്നീ കുടുംബങ്ങൾ.
1950:അന്നത്തെ ഹെഡ്മാസ്റ്ററും പ്യൂണും മുൻകൈ എടുത്ത് സ്കൂൾ
ഗ്രൗണ്ടിനരികിലൂടെ വരിവരിയായി ആൽമരങ്ങൾ വെച്ചുപിടിപ്പി-
ക്കുന്നു .
]1951:വിദ്യാർത്ഥികൾ 84% വിജയം എന്ന ബഹുമതി സ്വന്തമാക്കുന്നു.
1957:എഞ്ചിനീയറിംഗ് കോഴ്സുകൾ ആരംഭിക്കാൻ മുൻ കൈയെടുക്കുന്നു
ഇത് 1962 വരെ തുടർന്നു
1958:സംസ്ഥാന പുനർസംഘടന ചട്ടങ്ങൾക്കു വിധേയമായി സ്കൂൾ നടത്തിപ്പ് ]]കേരള ഗവ:ഏട്ടറ്റെക്കുന്നു
1972:സുവർണ്ണ ജൂബിലി ആഘോഷങ്ങൾ അത്ലറ്റിക്സ് ഫുട്ബോൾ എന്നിവയിൽ വിദ്യാലയത്തിന്റെ സുവർണ്ണകാലം, കലകളുടെ പ്രോത്സാഹനത്തിനായി കലാമന്ദിരം സ്ഥാപിക്കപ്പെടുന്നു. ഇത് പിന്നീട് ക്ലാസ്സുറികൾക്ക് വഴിമാറി
1983:ക്ലാസ് മുറികളുടെ അപര്യാപ്തത മൂലം വിദ്യാലയത്തിൽ ഷിഫ്റ്റ് സമ്പ്രദായം ആരംഭിക്കുന്നു .ഇത് 2004 വരെ തുടർന്നു.
1984 ;കേരള ഗവ:വിദ്യാലയത്തിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ പരിചയപ്പെടുത്തുന്നു . 1990:വിദ്യാലയം ഗവ:വെക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ എന്ന പദവിയിലേക്കുയരുന്നു
1997:വിദ്യാലയം അതിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷിക്കുന്നു
2016:സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കുക എന്ന ലക്ഷ്യത്തോടെ space എന്ന പേരിൽ വിദ്യാലയ വികസന പദ്ധതിക്ക് തുടക്കം കുറിക്കുന്നു
2017:ബഹു കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ പുതുതായി നിർമ്മിച്ച ഹയർ സെക്കന്ററി യുപി കെട്ടിടങ്ങളുടെ ഉദ്ഘാടനം നിർവഹിച്ചു .

# കത്ത്

**അനന്തു** വരദ ,വടകര,കോഴിക്കോട്

പ്രിയ  അനന്തു,

നിനക്ക് സുഖം തന്നെയല്ലേ? അവിടെയെന്തൊക്കെയുണ്ട് വിശേഷം. നിന്റെ യാത്രയുടെകാര്യമെന്തായി? നീ പറഞ്ഞതുപോലെതന്നെ, ഒരു യാത്രയാൽ നാം പഠിക്കുന്നത് 10 പുസ്തകത്തിനു തുല്യമാണെന്ന് എനിക്ക് മനസ്സിലായി വീട്ടുകാരുമൊത്തൊരു യാത്ര പോലെയല്ല. എന്റെ ഒപ്പം ഒരേ മനസ്സോടെ, കൗതുകത്തോടെ സുഹൃത്തുക്കളുമൊത്തൊ- രു യാത്ര അതും വഴികാട്ടികളായ ഗുരു നാഥൻമാരുടെ തണലിൽ ആ...സുഖവും സന്തോഷവും, രസവും എനിക്കുലഭിച്ചു. എന്റെ സ്കൂളിൽ നിന്ന് രണ്ടാം യാത്രയായിരുന്നു ഇത്. പഠനയാത്രയാ- ണെങ്കിലും കളിയും, തമാശക്കൊന്നും ഒരു കുറവുമില്ല. ഈ സുഖം



മറന്നുപോകുന്നതുമല്ല. പല, പല കാഴ്ച്ചകൾ കാണാൻ കൊതിച്ച എനിക്ക് വളരെ ആഹ്ലാദകരമായിരുന്നു , ഈ യാത്ര. നടപ്പിലാ- ക്കാനുള്ള നേരം തീരുമാനിച്ചു. തന്റെ മാതൃഭാഷ മലയാളത്തിനോടു അടുപ്പമുള്ള പലരും കൂടിയ വിദ്യാരംഗം കലാ സാഹിത്യ വേദിയിലെ പ്രവർത്തകർ തീരുമാനിച്ചു. കുട്ടികളായ ഞങ്ങൾക്ക് ഇനി ഒരു പുതിയ അനുഭവം,പാഠം,കാഴ്ച്ച, 24/9 ന് വിദ്യാരംഗം യാത്ര അതേ ദിവസം യാത്രക്കായി തയ്യാറെടുത്ത് സ്കൂളിലെത്തും വരെ വളരെ ഒരു നെഞ്ചിടിപ്പ് സ്കൂളിലെത്തി തന്റെ സ്കൂളിലെ സുഹൃത്തുക്കൾ എല്ലാവരും പുത്തൻ ഉടുപ്പിട്ടു നിൽക്കുന്നു. കൂട്ടത്തിൽ ചിരിച്ചു കൊണ്ട് ആ അധ്യാപകരും;-ശോഭ ടീച്ചർ,വിനോദ് മാഷ് എന്നിങ്ങനെ എല്ലാവരും വണ്ടിക്കായി കാത്തിരിക്കുന്ന എല്ലാവരെയും പോലെ ആഗ്രഹിച്ച  സുഹൃത്തുകളോടോപ്പം അതും വിന്റോസീറ്റിൽ.പറയാനുണ്ടോ യാത്ര അടിപൊളി. പല ചരിത്രങ്ങളും നിറഞ്ഞിടങ്ങളിൽ

നടക്കുമ്പോൾ മനസ്സിനുള്ളിൽ എന്തോ ഒരു തോന്നൽ.ചരിത്ര ദൃശ്യങ്ങൾ കാണുമ്പോൾ അവിടെ നടന്നത് കൺമുമ്പിൽ വച്ച് നടക്കുന്ന ഒരു അനുഭവം. എന്റെ സുഹൃത്തായ ഗോകുലിന്റെ ഒപ്പം നടന്നപ്പോൾ കൂടുതൽ കാര്യങ്ങൾ  അതിനെ പറ്റിയറിയാൻ കഴിഞ്ഞു.സഞ്ചരിച്ചയിടങ്ങൾ ആദ്യമായതുകൊണ്ടുതന്നെ ഒരു വിധത്തിലുമുള്ള മടുപ്പും അനുഭവപ്പെട്ടില്ല.നാറാണത്തു ഭ്രാന്തന്റെ ബുദ്ധിമോശം എന്നു പറഞ്ഞത് ഒരു പാഠമാണെന്ന് പറഞ്ഞുതന്നു.അവിടത്തെ ഒരു മരത്തിൽ ചങ്ങലകഷ്ണങ്ങൾ മരത്തിൽ ഒട്ടിപ്പിടിച്ചുകൊണ്ട് കാണുന്നു.തന്റെ സ്മരണയെ ഓർമ്മിക്കാൻ ഒരു വലിയ തുണ്ടായി സൂക്ഷിക്കുന്നതുപോലെ മരം അതു ഒട്ടിപൊതിഞ്ഞു പിടിച്ചിരിക്കുന്നു. തിരുനാവായയിലെ കാഴച്ചയായിരുന്നു ഏറ്റവും ആസ്വദിച്ചിരുന്നത്. ഒരു മരുന്നറ,കാണാനാവാത്ത ഗുഹക്കുസാമ്യമായതുപോലെ പണ്ട് രഹസ്യമായി മരുന്നുസൂക്ഷിച്ചയിടം.സ്ഥലം ചെറുതെന്ന് വിചാരിച്ചപ്പോൾ ഗുഹയിൽ വീണ്ടും ഒരു അറ അതിൽ വേറെ ഒരു അറ.മറക്കാനാക്കാത്ത ഒരു അനുഭവം.പിന്നെ മണികിണർ,മാമങ്കത്തിന്റെ പ്രധാനയിടം നിലപാടുതറ.പിന്നെ തിരൂരിലെ തുഞ്ചൻപറമ്പിലെ കാഴ്ചകളും,രുചികരമായ ഭക്ഷണവും ഞങ്ങൾ വളരെയെറെ ആസ്വദിച്ചു.അവിടുത്തെ ദൃശ്യഭംഗിയേറിയ മ്യൂസിയവും വളരെയധികം അൽഭുതപ്പെടുത്തി.എനിക്കുറപ്പാ നിനകും വരാൻ ആഗ്രഹമുണ്ട്,തീർച്ചയായും കണ്ടിരിക്കേണ്ട സ്ഥലങ്ങൾ.ഇതിൽ കുറച്ച്പേർക്ക് മടുപ്പ് വന്നു തുടങ്ങി.മാറ്റാൻ സാധിച്ചത് കൂട്ടായികടവ് കടലിനെക്കൊണ്ടും , കടൽയാത്രയുമായിരുന്നു.എല്ലാ കുട്ടികളും ഒരുമിച്ച്ആനന്ദിച്ച നിമിഷം,സമയം പോകുന്നതേഅറിഞ്ഞില്ല.നേരം വൈകി.തിരിച്ച് വീട്ടിലേക്ക് പിന്നെ വണ്ടിയിൽ നിന്നുമുള്ള ബഹളം എന്നാൽ ഞാനും , ഗോകുലും പുറത്തെ ഇരുണ്ടആകാശത്തെ ഇടിമിന്നൽശ്രദ്ധിച്ചുകൊണ്ടിരിക്കുകയായിരുന്നു.പിന്നെ  ദുഖിച്ചിരിക്കുകയായിരുന്നു.യാത്റ അവസാനിച്ചു എന്ന തോന്നൽ വളരെയേറെ അലട്ടി.വണ്ടിയിലെ സുഹൃത്തുക്കളോട്  വിട പറഞ്ഞ് ഞാനും ഗോകുലും ഇറങ്ങി.അവനെ വീട്ടിലെത്തിച്ചത് എന്റെ ഏട്ടൻ.വീട്ടിൽ എത്തിയതും ഞാൻ നേരെ.അമ്മയുടെ അടുത്തേക്ക്  ഒരു യാത്ര. നിന്റെ കഴിഞ്ഞ യാത്ര എന്നെ അസൂയപെടുത്തിയെക്കിലും അത് ഈ യാത്രയോടെ വെട്ടിതിരുത്തി. ഇനിയും ഈ രീതിയിലുള്ള യാത്രക്കായി കാതിരിക്കുകയാ ഞാൻ.. ഇതിനു മറുപടിവേഗംഅയക്കണേ.വീട്ടിലെല്ലവരൊടും എന്റെ സ്നേഹാന്വേഷണം പറയണേ. പ്രത്യേകിച്ച് മുത്തശ്ശിയോട്.

ചെർപ്പുളശ്ശേരി　　　　സ്നേഹത്തോടെ

26/9/2019　　　　അരുൺ ദേവ്.

ഇമ പൂട്ടിയ സമയം



സമയം നെട്ടോട്ടമോടിയോടി
ഇമ പൂട്ടാൻ സൂര്യനു സമയമായി
സാഗരമന്തരാ ഉള്ളൊരാമെത്തയിൽ
ശോഭകിരണം ഉറങ്ങയായി അമ്പിളിവെട്ടം
പകർന്നു നിൽക്കുംകരിംക്കൊമ്പനായ്
രാത്രി വന്നിടുന്നു
                നഗരങ്ങളെല്ലാം വിജനമായി
                ഏകയായ് രാത്രിയെ ഉറ്റുനോക്കി
അക്ഷരചെപ്പിന്റെ നിറപ്പകിട്ടങ്ങനെ
ഉറക്കത്തിൽ വർണ്ണങ്ങൾ ചാർത്തിടുന്നു
രാത്രിതൻ ശോഭിത കാഴ്ചകൾ കാണുന്നു
വച്ചാലെന്നൊരു പക്ഷിക്കൂട്ടം
                ശീതളമാരുതി വീശുന്ന രീതിക്കു
              ഇമ്പമൊന്നേകുവാൻ ചെറുപ്രാണകൾ
              പേടിയുടെ പ്രീതി ഉണർത്താൻ കരയുന്നു
              കൂമനും സംഘവും കൂട്ടമോടെ
വെൺ മുത്തുപോലുള്ളൊരു പൂമരം
വജ്രം പോൽ മാനത്തു മിന്നിടുന്നു

# സമാധാന നൊബേൽ

രണ്ടാം ലോക മാഹായുദ്ധകാലത്ത് അണബോംബുണ്ടാക്കാ-
നുള്ള മാൻഹട്ടൻ പദ്ധതിയിൽ നിന്ന് അദ്ദേഹം വിട്ടു നിന്നു.
ഹിറ്റ്ലറെ തടയേണ്ടതിന് മറ്റായുധങ്ങൾ വികസിപ്പക്കാൻ അദ്ദേഹം മുന്നിട്ടിറങ്ങി
അമേരിക്കയുടെ യുദ്ധക്കൊതിക്കെതിരെയും ആണവായുധവ്യാപനത്തിനെ
തിരെയും ശബ്ദ്മുയർത്തിയപ്പോ രാജ്യദ്രോഹിയായി അദ്ദേഹം
മുദ്രകുത്തപ്പെട്ടു. ലോകങ്ങുമുള്ള പതിനായിരക്കണക്കിന് ശാസ്ത്രജ്ഞരെ സംഘടിപ്പിച്ച്
അണ്വായുധ പരീക്ഷണങ്ങൾ
നിരോധിക്കണമെന്ന അപേക്ഷ തയാറാക്കി അദ്ദേഹം ഐക്യരഷട്രസംഘടനയ്ക്ക്
സമർപ്പിച്ചു. തുടർന്ന അമേരിക്കയും അന്നത്തെ സോവിയറ്റ് യൂണിയനും ബ്രിട്ടനും
ആണവപരീക്ഷണങ്ങൾക്ക് നിയന്ത്രണമേർപ്പെടുത്തി. മനുഷ്യാവകാശങ്ങരൾക്ക്
സമാനത്തിനുംവേണ്ടി നടത്തിയ പ്രർത്തങ്ങളെ മാനിച്ച് 1962- ലെ സാമാധാനത്തിനുള്ള
നൊബേൽ സമ്മാനം പോളിങ്ങിനു നൽകി ........

ഫസ്ന:

i

ഓട്ടം

**ആമോദ് കാർഖാനിസിൻെറ ലേഖനം**

ആമോദ് കാർഖാനിസ് തന്റെ വ്യത്യസ്ത കാലാവസ്ഥയിലെ പ്രകൃതി വൈവിധ്യത്തെക്കുറിച്ച്
വർണ്ണിക്കുന്നു. മെയ് മാസത്തിലെ കഠിനമായ വെയിൽ ജലസ്രോതസ്സുകളെ വറ്റിച്ചിരിക്കുന്നു. നമ്മുടെ ഭൂമി വരണ്ടു പോയിരിക്കുന്നു. ജൂൺ മാസത്തിലെ മഴത്തുള്ളികൾ മണ്ണിനെ തണുപ്പിക്കുന്നു. മഴയോടൊപ്പം ആയിരക്കണക്കിനു വിത്തുക്കൾ ഉണെർന്നെഴുന്നെൽക്കുന്നു. പിന്നീടവൻ തളിർക്കാൻതുടങ്ങുന്നു. വെള്ളം ഭൂമിക്കടിയിലേക്ക് ആഴത്തിലെത്തുമ്പോൾ മരങ്ങളുടെ വേരുകളും ആഴത്തിലേക്കു പോകുന്നു.
വലിയ മരങ്ങളിൽ ഇലകൾ തളിർക്കാൻ തുടങ്ങുമ്പോൾ കുറച്ചു വെയിൽ മാത്രമെ എത്തുകയുള്ളൂ....... പ്രകൃതിയിൽ ചില പ്രാണികളും ഉണർന്നു വരുന്നുണ്ട്. എല്ലാ ജീവികളും നമ്മുടെ വരദാനങ്ങളാണ്. എല്ലാ ജീവികളിലും ജീവിക്കാനുള്ള സംഘർഷം നടക്കുന്നു. പ്രണികൾക്ക് വെള്ളം ,ഇലകൾ എന്നിവയുടെ ആവശ്യമുണ്ട്. മുട്ടയിൽ നിന്നു പുറത്തുവരുന്ന ലാർവകൾ പ്രണികളുടെ ആഹാരമാണ്. പക്ഷിക്കൂട്ടിൽ ജനിക്കുന്ന പക്ഷികളുടെ ഇടയ്ക്കും ഭക്ഷണത്തിനുവേണ്ടിയുള്ള സംഘർഷമുണ്ട്. പിന്നീട് മരങ്ങളിൾ പൂക്കൾ വിടരുന്നു. തേനീച്ചകൾ അവയുടെ അടുത്ത് ചുറ്റിക്കറങ്ങുന്നു. ജീവിതത്തിലെ വൈലിധ്യങ്ങൾ
കാലാവസഥയോടൊപ്പം മാറുന്ന..........................!

ഗോപിക.കെ

# തെംസ്സദിയോട്



ആരോ പറയുന്നു തെംസ്സദി നിന്നോടു
മൂകാനുരാഗം കലർന്നൊരാൾ വന്നുപോൽ
ആകെയിരുണ്ടു തളർന്നിഴയുന്ന നിൻ
യാതന കണ്ടാ മിഴികൾ നിറയവേ
രണ്ടുതുള്ളിച്ചുടുനീർ നിൻ കറുപ്പാർന്ന
നെഞ്ച്ത്തു വീണുപോൽ,അദ്ഭുതം!പെട്ടന്നു
പുഞ്ചിരിക്കൊള്ളാൻ തുടങ്ങിപോൽ തെംസ്സദി!
ആ രാഗമല്ലലായ്,ദീപ്രമാം യത്നമായ്
ത്തീരവേ രണ്ടു കരങ്ങളൊരായിരം
ധീരഹസ്തങ്ങളായ് മാറി, നിൻ നിർജീവ-
വാരിയെക്കോരിക്കഴുകിയെടുത്തു പോൽ !

സുഗതകുമാരി

# ക്വിസ്

**1. മലയാളത്തിലെ ആദ്യ ചലച്ചിത്രം**

**ഉ. വിഗതകുമാരൻ**

**2. സിനിമയാക്കിയ ആദ്യ മലയാളനോവൽ**

**ഉ. മാർത്താണ്ഡവർമ്മ**

**3. കേരളത്തിലെ ആദ്യ സിനിമാതിയേറ്റർ**

**ഉ. ക്രൗൺ(കോഴിക്കോട്)**

**4. മലയാളത്തിലെ ആദ്യ കളർ ചിത്രം**

**ഉ. കണ്ടം ബെച്ച കോട്ട്**

**5. ദേശീയപുരസ്കാരം നേടിയ ആദ്യ മലയാളസിനിമ**

**ഉ. നീലക്കുയിൽ**

**6. പ്രസിഡന്റിന്റെ വെള്ളിമെടൽ നേടിയ ആദ്യ  മലയാള സിനിമ**

**ഉ. ചെമ്മീൻ**

**7. മലയാളത്തിലെ ആദ്യ ചലച്ചിത്ര നായിക**

**ഉ. കമലം(സിനിമ-ബാലൻ)**

**8. മൊഴിമാറ്റം ചെയ്യപ്പെട്ട ആദ്യ മലയാള സിനിമ**

**ഉ. ജീവിതനൗക**

**9. ആദ്യത്തെ ജ്ഞാനപീഠപുരസ്കാരം നേടിയ കവി**

**ഉ. ജി. ശങ്കരക്കുറുപ്പ്**

**10. 2016-ൽ വയലാർ അവാർഡ് നേടിയ എഴുത്തുകാരൻ**

**ഉ. യു.കെ.കുമാരൻ**

**അനുപമ.പി**

*പതിമൂന്നാം ദലൈലാമയുടെ പുനർജന്മം*

വടക്ക കിഴക്കൻ ടിബറ്റിലെ ടാക്സ്റ്റർ എന്ന കർഷകഗ്രാമങ്ങത്തി-ൽ 1935 ജൂലൈ 6 നായിരുന്നു ടെൻസിൻ ഗ്വാറ്റ്സോയുടെ ജനനം. രണ്ടു സഹോദരിമാരും നാലുസഹോദരന്മാരുമടങ്ങുന്ന വലിയൊരു കുടുംബമായിരുന്നു ടെൻസിന്റേത്.ടിബറ്റൻ വംശജരുടെ പാരമ്പര്യവിശ്വാസപ്രകാരം രാജ്യം മുഴുവൻനടത്തിയ തിരച്ചിലിനൊടുവിൻ ടിബറ്റിലെ സന്ന്യാസിശ്രേഷ്ഠർ രണ്ടുവയസ്സുകാരനായ ടെൻസിൻ ഗ്വാറ്റ്സോയെ പതിമൂന്നാം ദലൈലാമയുടെ പുനർജന്മമാണന്ന് കണ്ടെത്തി 1940 ഫെബ്രുവരി 22 ന് പുതിയ ലാമയായിവാഴിക്കുകയും ചെയ്തു.

# നമ്മുടെ മാതാവ് മലയാളം

നമ്മുടെ പെറ്റമ്മയ്ക്ക് തുല്യമാണ് നമ്മുടെ മാതൃഭാഷ.
മലയാളത്തിലെ തുള്ളൽ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവാണ് കുഞ്ചൻനമ്പ്യാർ.
ഉള്ളൂർ, വൈലോപ്പിള്ളി, ഒ.എൻ.വി.കുറുപ്പ്, കുമാരനാശാൻ,ചങ്ങമ്പുഴ,വള്ളത്തോൾ എന്നിവരൊക്കെയാണ് മലയാളത്തിലെ പ്രധാന കവികൾ.

വൈക്കം മുഹമ്മദ് ബഷീറിന്റെ ചില കൃതികളാണ് ബാലകാലസഖി, മതിലുകൾ, ഭൂമിയിലെ അവകാശികൾ, ആടുജീവിതം, പാത്തുമ്മായുടെ ആട് എന്നിവ. ചുട്ടുനീറുന്ന കുറേയേറെ അനുഭവങ്ങളും പേനയും അല്ലാതെ മറ്റൊന്നും കൈവശമില്ലാതിരുന്ന എഴുത്തുകാരൻ- അതായിരുന്നു വൈക്കം മുഹമ്മദ് ബഷീർ. ആ അനുഭവങ്ങൾ തുലികത്തുമ്പിലൂടെ തനിമയോടെ ആവിഷ്കരിച്ചപ്പോൾ മലയാളസാഹിത്യത്തിന് ലഭിച്ചത് ഈടുറ്റ നിരവധികൃതികൾ. പഴയകാലത്തെ ഓണത്തെക്കുറിച്ചാണ് ഓണം അന്നും ഇന്നും എന്ന ഓർമ്മക്കുറിപ്പിൽ തകഴി പറയുന്നത്.കാലം മാറിയതോടെ ഓണവും മാറിയിരിക്കുന്നു.തകഴിയുടെ പ്രധാന കൃതികൾ - രണ്ടിടങ്ങഴി, ചെമ്മീൻ, കയർ എന്നിവയാണ്.

അനുപമ.പി

ഷീബ. പി. എൻ
ജി.എച്ച്.എസ്.എസ്
ചെർപ്പുളശ്ശേരി



# പൂരം

രാവിലെ
പത്തുമണിപ്പൂക്കളെ
തുയിലുണർത്തുന്ന
കുടമണിക്കിലുക്കത്തിൽ
തുടങ്ങും
എന്നും
ഞങ്ങളുടെ പൂരം

തലയെടുപ്പുള്ള
ഗജവീരന്മാരുടെ
എഴുന്നള്ളത്ത്

പലനിലഭാഷാനിറഭാഷാക്കുടമാറ്റങ്ങൾ

ചതുഷ് ക്രിയകളുടെ    തായമ്പക
പെരുക്കപ്പട്ടികയുടെ   പഞ്ചവാദ്യം
അതിനിടെ
ഹൈഡ്രജൻ   ബലൂണുകളായ്
പറന്നുപോയ   മനസ്സുകൾ

അടിപിടിയുടെ
പുകപടലങ്ങൾ
ലാബുകളിൽ
എക് സിബിഷൻ
അസ്ഥികൂടങ്ങളും
തലയോട്ടികളും

കണ്ണിന്റെ
നെടുകെയുള്ള ഛേദവും

മൈക്രോസ് കോപ്പിലെ
വിസ്മയിപ്പിക്കും
മായക്കാഴ് ചകൾ
ഇടയ് ക്കിടെ
ഇരട്ടപ്പേരുകളുടെ
ചിരിപ്പടക്കങ്ങൾ

ഇടവേളകളിലെ
കാളവരവ്
ആനയിടച്ചൽ
കൂടുവിട്ടു കൂടുമാറ്റം
മരണക്കിണർ
പ്രസാദ ഊട്ടിന്റെ
തിക്കും തിരക്കും

പ്രദർശനച്ചൂരലാമായ്
വായ് തോരാതെ
വഴിഭാണിഭക്കാർ

ഒടുവിൽ
നാലുമണിപ്പൂ
കൺ തുറക്കുമ്പോൾ
തകർപ്പൻ വെടിക്കെട്ടിൽ
പൂരപ്പറമ്പ്
ചിന്നിച്ചിതറി
പല വഴിക്ക്............

പ്രീത.വി.എം
ജി.എച്ച്.എസ്.എസ്.
ചെർപ്പുള്ളശ്ശേരി



## ഒറ്റ

ഒറ്റയ്ക്കാവുമ്പോൾ
ഓർമ്മ വരുന്നത്,
ദിശ തെറ്റി വീശിയ
ഒരു കൂട്ടം കാറ്റ്,
കിളിക്കൂടിനൊപ്പം
താഴെ വീണ്ടടയുന്നതാണ്.

ചാലു കീറിയ
പുഴ വഴികളിൽ
തുള്ളിയിളകി
തെന്നി നീങ്ങിയ,
വലക്കണ്ണിയിൽ
കുരുങ്ങിയമർന്ന,
വരാൽക്കണ്ണുകളെയാണ്.

ഒറ്റയ്ക്കാവുമ്പോഴാണ്
തോറ്റു പോയവർ
ദിവാസ്വപ്നങ്ങളിൽ
രാത്രിമഴ പെയ്യിയ്ക്കുന്നത്.
ഒറ്റ ഒരു വെറും ഒറ്റയല്ല,
ഒറ്റകളുടെ തുരുത്താണത്.
വളരെ എളുപ്പത്തിൽ
ചേതനയെയത്
മൃത്യു ഭീകരതയിലാഴ്ത്തും.

നിരാസത്തിൻെറ നിശ്ശബ്ദതയുടെ
നിരുന്മേഷത്തിൻെറനിർവ്വാദത്തിൻെറ
ഒറ്റപ്പെട്ട തുരുത്ത്.



എം.എസ്. ശൈലജ
കൈറ്റ് മിസ്ട്രസ്
HST Hindi
GVHSS Cherpulassery

# തത് ത്വമസി

ഞാൻ ആര്.........നീ ആര്

ഞാനാണ് നീ......നീയാണ് ഞാൻ

'സ്വതം' അറിയുന്നതാര് ?

'അഹം' നിറയുന്നു-

എവിടെ നിന്നു വന്നു ? ആടിതിമിർത്ത്

ചൊല്ലിതകർത്ത് അവിടേക്ക് മടങ്ങുന്നു

നേടിയതെന്ത് സാഫല്യമോ...?

സായൂജ്യമോ.......?നേടാം

ദിവ്യപവിത്രമാം സ്നേഹഭാരം കൊണ്ട്

ഹൃത്തടം പേറട്ടെ , അലിയട്ടെ


നമിക്കും ശിരസ്സ് "തത്ത്വമസി"

ഉരുവിടും മൂലമന്ത്രം "തത്ത്വമസി"

# ജിമ്പ്

അമേരിക്കൻ കമ്പ്യൂട്ടർ പ്രോഗ്രാമർമാരായ പീറ്റർ മാറ്റിസും സ്പെൻസർ കിമ്പലും കാലിഫോർണിയ സർവകലാശാല വിദ്യാർഥികളായിരിക്ക-ബോൾ തങ്ങളുടെ പഠനപ്രോജക്റ്റിന്റെ ഭാഗമായി തയാറാക്കിയതാണ്

ജിമ്പ്.





# ഫെറ്റ്




ശാസ്ത്രവും ഗണിതവും പഠിക്കുന്നതിനും പഠിപ്പിക്കുന്നതിനും സഹായിക്കുന്ന ഇന്ററാക്ടീവ് സിമുലേഷനുകളുടെ ശേഖരമാണ് phet. അമേരിക്കയിലെ കോളറാഡോ സർവകലാശാലയിലെ(Universtiy of Colorado Boulder)ഒരു സ്വതന്ത്ര വിദ്യാഭ്യസ വിഭവ (Open Educational Resource) പ്രോജക്ടാണ് ഇവ തയാറാക്കുന്നത്. നൊബേൽ ജേതാവായ carl wieman ആണ് 2002 ൽ ഈ പ്രോജക്ട് ആരംഭിച്ചത്. Physics education technology എന്നതിന്റെ ചുരുക്കപ്പേരാണ് PhET. ഫിസിക്സ് പഠനത്തിനുള്ള സിമുലേഷനുകളുമായിട്ടാണ് phet തുടങ്ങിയതെങ്കിലും താമസിയാതെതന്നെ മറ്റു ശാസ്ത്രശാഖകളിലേക്കും ഈ പ്രോജക്ടിന്റെ പ്രവർത്തനം വ്യാപിപ്പിക്കുകയുണ്ടായി. ഫെറ്റ് സിമുലേഷനുകൾ ഓൺലൈനിലും ലഭ്യമാണ്. phet.colorado.edu എന്ന വെബ് വിലാസം ഉപയോഗിച്ച് ഫെറ്റ് ഓൺലൈൻ സിമുലേഷൻ ലാബിൽ പ്രവേശിക്കാനാവുന്നതാണ്.

## സ്റ്റെല്ലേറിയം

**ആകാശത്തിലെ വിവിധ കാഴ്ചകളുടെ സിമുലേഷൻ സോഫ്റ്റ് വെയറാണ് സ്റ്റെല്ലേറിയം. ഏതൊരു ദിവസത്തേയും ഏതു സമയത്തേയും ആകാശം നമുക്കിതിൽ ക്രമീകരിക്കാം. നക്ഷത്ര-നിരീക്ഷകരെ സംബന്ധിച്ചിടത്തോളം വളരെയധികം സഹായകരമായ സോഫ്റ്റ് വെയറാണ് ഇത്. നക്ഷത്ര ഗണങ്ങളും അവയുടെ ആകൃതിയും പേരും അവയിലേക്കുള്ള ദൂരവും എല്ലാം നമുക്ക് പരിശോധിക്കാം. 600,000 ത്തിലധികം നക്ഷത്രങ്ങളുടെ വിശദവിവരങ്ങൾ ഈ സോഫ്റ്റ് വെയറിൽ അടങ്ങിയിട്ടുണ്ട്.**

**ഡോ.എ.പി.ജെ. അബ്ദുൽകലാം**

**(1931-2015)**



1931 ഒക്ടോബർ 15 ന് തമിഴ്നാട്ടിലെ രാമേശ്വരത്ത് ജനിച്ചു. DRDO യിൽ ശാസ്ത്രജ്ഞനായി തുടക്കം കുറിച്ചു.റോക്കറ്റുകൾ രൂപകല്പന ചെയ്തു.ഐ.എസ്.ആർ.ഒ.യിൽ 20 വർഷം സേവനം അനുഷ്ഠിച്ചു.നമ്മുടെ രാജ്യത്തിനും ആണവപദ്ധതികൾ പ്രാവർ-ത്തികമാക്കാൻ കഴിയുമെന്ന് ലോകത്തിനുമുന്നിൽ തെളിയിച്ച മഹാൻ.അഗ്നി,പൃഥ്വി തുടങ്ങിയ മധ്യദൂര ബാലസ്റ്റിക് മിസൈലുകളുടെ നിർമാണത്തിൽ നിർണായക പങ്കുവഹിച്ചു.മിസൈൽ മാൻ എന്നറിയപ്പെട്ട അദ്ദേഹം അധ്യാപകൻ,ശാസ്ത്രജ്ഞൻ,രാഷ്ട്രപതി എന്നീ നിലകളിൽ തന്റെ പ്രതിഭതെളിയിച്ചു.പത്മഭൂഷൺ,പത്മവിഭൂഷൻ,ദേശീയോദ്ഗ്രഥനത്തിനുള്ള ഇന്ദിരാഗാന്ധി പുരസ്കാരം,രാമാനുജൻ പുരസ്കാരം തുടങ്ങി നിരവധി പുരസ്കാരങ്ങൾ നേടിയ അദ്ദേഹത്തെ 40 സർവകലാശാലകൾ ഡോക്ടറേറ്റ് ബിരുദം നൽകി ആദരിച്ചു.2015 ജൂലൈ 27 ന് ഷില്ലോങ്ങിൽ ഒരു ചടങ്ങിൽ പങ്കെടുക്കുമ്പോഴാണ് അദ്ദേഹം അന്തരിച്ചു.

**റിഫ ഫാത്തിമ.കെ.പി**

# ബീഥോവൻ

## ജർമനിയിലെ ബേൺ നഗരത്തിൽ 1770-ൽ ബീഥോവൻ

ജനിച്ചു.ബേണിലെ പ്രതിനിധിസഭയിലെ പാട്ടുകാരനായിരുന്നു അച്ഛൻ.കുട്ടികാലത്തുതന്നെ ബീഥോവൻ സംഗീതാഭിരുചി പ്രകടിപ്പിച്ചു.ഇതു തിരിച്ച- -റിഞ്ഞ അച്ഛൻ കടുത്ത ശിക്ഷണത്തിലൂടെയുള്ള സംഗീതാഭ്യസനമാണ് മകനു നൽകിയത്. കുഞ്ഞുനാളിൽത്തന്നെ ബീഥോവന്റെ സംഗീതം ജനം ശ്രദ്ധിച്ചു തുടങ്ങിയിരുന്നു. അച്ഛന്റെ മദ്യപാനവും ക്ഷയരോഗബാധിതയായ അമ്മയുടെ മരണവും മൂലം സഹോദരങ്ങളുടെ പരിപാലനം ബീഥോവന്റു ഉത്തരവാദിത്വമായി. പൊതുവേദികളിൽ സംഗീതവിരുന്നു നടത്തിയാണ് ഉപജീവനത്തിനുള്ള പണം ബീഥോവൻ കണ്ടെത്തിയത്.

സംഗീതചരിത്രത്തിൽ തങ്കലിപികളിൽ രേഖപ്പെടുത്തപ്പെട്ട പേരാണ് ബീഥേവന്റേത്. ഒരു സംഗീതജ്ഞനുണ്ടാകാവുന്ന ഏറ്റവും വലിയ ദുരനുഭവമായ ബധിരത അദ്ദേത്തിനു പിടിപ്പെട്ടുവെങ്കിലും തളരാതെ ഏതു ഹൃദയത്തെയും അലിയിക്കുന്ന മധുരസംഗീതം സൃഷ്ടിച്ച്  ലോകത്തെ അദ്ദേഹം അത്ഭുതപ്പെടുത്തി.

<u>ഒന്നും കേൾക്കാതെ</u>
ബീഥോവന് 30 വയസ്സായപ്പോഴേക്കും അദ്ദേഹത്തിന്റെ കേൾവി പൂർണമായും ഇല്ലാതെയായി. ഈ വൈകല്യം അദ്ദേഹത്തെ തളർത്തിയില്ല. ഇക്കാലത്തു രചിച്ച ഒൻപതാം സിംഫണി ഒരു മഹാവിസ്മയമായി ലോകം കൊണ്ടാടി. 1824-ൽ വിയന്നയിൽ ഇത് ആദ്യം അരങ്ങേറി. പരിപാടി അവസാനിച്ചപ്പോഴുണ്ടായ കടലിരമ്പൽ പോലുള്ള കരഘോഷം അദ്ദേഹം അറിഞ്ഞതേയില്ല. ഓർക്കസ്ട്രയ്ക്ക് അഭിമുഖമായി, സദസിനു പുറംതിരിഞ്ഞുനിന്നിരുന്ന ബീഥോവനെ തോളിൽത്തട്ടി തിരിച്ചുനിർത്തിയപ്പോഴാണ് ഇളകി  മറിയുന്ന മനുഷ്യതരംഗം അദ്ദേഹം കണ്ടത്.

<u>പ്രധാന രചനകൾ</u>
ഒൻമ്പത് സിംഫണികൾ, അഞ്ച് പിയാനോ കൺസെട്ടോകൾ, ഒരു വയലിൻ കൺസെർട്ടോ, 16 സ്ട്രിങ് ക്വാർട്ടെറ്റ്, 10 വയലിൻ സൊണാറ്റ, 32 പിയാനോ ,സൊണാറ്റ എന്നിവയുൾപ്പെടെ ബീഥോവന്റെ അറുന്നൂറോളം രചനകൾ ഇന്നും ലോകം മുഴുവനുമുള്ള സംഗീതപ്രേമികളെ ഹരംകൊള്ളിക്കുന്നു.

## *ബഹിരാകാശപര്യവേക്ഷണം*



**ബഹിരാകാശവാഹനങ്ങൾ  വിക്ഷേപിക്കാൻ തുടങ്ങിയതോടെ  പ്രപഞ്ച ചിത്രം കൂടുതൽ  വ്യക്തമാകാൻ തുടങ്ങി. 1957 ൽ  സോ വിയറ്റ്  യൂണിയൻ സ് പുട് നിക്  1 വിക്ഷേപിച്ചുകൊണ്ട്**


**ബഹിരാകാശ വിക്ഷേപണത്തനു തുടക്കം കുറിച്ചു.**

**ലൂനെ, അപ്പൊളൊ , മറൈനർ , വെനീറ , മെസഞ്ചർ , ചാന്ദ്രയാൻ , മംഗൽയാൻ, തുടങ്ങിയ**
**വിവിധ പദ്ധികളിലൂടെ  ഗ്രഹങ്ങളെക്കുറിച്ചും  ഉപഗ്രഹങ്ങളെക്കുറിച്ചും നക്ഷത്രങ്ങളെക്കുറിച്ചും**

**ബഹിരാകാശ ഗോളങ്ങളെക്കുറിച്ചും ധാരാളം അറിവുകൾ ലഭ്യമായി. അന്തർദേശീയ ബഹിരാകാശനിലയം ബഹിരാകാശ ത്ത്  നിരവധി  പരീക്ഷണങ്ങൾ നടത്താൻ ശാസ്ത്രജ്ഞരെ  സഹായിച്ചുകൊണ്ടിരിക്കുന്നു.......**


*ഗോപിക. കെ*

## ഡഗ്ലസ് ഏംഗൽബർട്ട്



1960 ലാണ് ഇന്ന നാം ഉപയോഗിക്കുന്ന തരത്തിലുള്ള മൗസിന്റെ ആദ്യ രൂപം അവതരിക്കപ്പെട്ടത് . അമേരിക്കക്കാരനായ ഡഗ്ലസ് ഏംഗൽബർട്ട് ആണ് ഇതിന്റെ ഉപജ്ഞാതാവ് .കമ്പ്യൂട്ടർ ഉപയോഗം സാതാരണക്കാരന്റെ കൈകളിലേക്ക് എത്തിക്കാൻ വളരെ സഹായകരമായി മൗസിന്റെ അടിഭാകത്ത് സ്വതന്ത്രമായി ചലിക്കുന്ന ഒരു ലോഹഗോളത്തിന്റെ സഹായത്തോടെയാണ് ആദ്യകാല മൗസുകൾ പ്രവർത്തിച്ചിരുന്നത് പിന്നീട് പ്രകാശരശ്മികളുടെ സഹായത്തോടെ പ്രവർത്തിക്കുന്ന ഒപ്റ്റിക്കൽ മൗസുകൾ രംഗത്തെത്തി

## ജോർജ് സൈമൺ ഓം (1789-1854)



ജോർജ് സൈമൺ ഓം അറിയപ്പെടുന്ന ജർമ്മൻ ഭൗതികശാസ്ത്രജ്ഞനാണ്.എർലാൻജൻ യൂണിവേഴ് സിറ്റിയിൽ ഗണിത അധ്യാപകനായ നിയമിതനായ ഓം പിന്നീട് മ്യൂണിക് യൂണിവേഴ്സിറ്റിയിൽ ഊർജതന്ത്ര വിഭാഗത്തിലെ പ്രൊഫസർ ആയി നിയമിതനായി

പൊട്ടൻഷ്യൽ വ്യത്യാസം, കറന്റ്, പ്രതിരോധം എന്നിവ ത ബന്ധം കണ്ടെത്തിയത് അദ്ദേഹമാണ്. ഇത് ഓം നിയമം എന്ന പേരിലൽ അറിയപ്പെടുന്നു. ഇദ്ദേഹത്തിനോടുള്ള ആദരസൂചകമായി പ്രതിരോധത്തിന്റെ യൂണിറ്റിന് 'ഓം'എന്ന പേർ നൽകിയിരിക്കുന്നു.

നന്ദന-എ



## ഹേബർ പ്രക്രിയ

അമോണിയ വ്യാവസായികമായി നിർമിക്കുന്നതിന്  1912 ൽ ജർമൻ ശാസ്ത്രജ്ഞനായ ഫ്രിറ്റ്സ് ഹേബർ ആവിഷ്കരിച്ച രീതിയാണ് ഹേബർ പ്രക്രിയ. ഉന്നതമർദത്തിലും (500 atm) 450 c താപനിലയിലും നൈട്രജനും ഹൈഡ്രജനും 1:3  അനുപാതത്തിൽ സംയോജിപ്പിച്ചാണ് ഈ പ്രക്രിയയിൽ അമോണിയ നിർമിക്കുന്നത്. സ്പോഞ്ചി അയൺ ഉൽപ്രേരകമായും ഉപയോഗിക്കുന്നു. രാസവളനിർമാണത്തിന് വൻതോതിൽ ഉപയോഗിക്കുന്ന ഒരു പ്രധാന രാസവസ്തുവാണ് അമോണിയ. ഭക്ഷ്യസുരക്ഷ, ഭക്ഷ്യ സ്വയംപര്യാപ്തത എന്നിവയിലേക്ക് നമ്മുടെ രാജ്യം  എത്തിച്ചേർന്നത് ഹരിതവിപ്ലവത്തിലൂടെയാണ്. ഹരിതവിപ്ലവത്തിലെ പ്രധാന തത്ത്വങ്ങളിലൊന്ന് രാസവളങ്ങളുടെ     ഉപയോഗമാണ്



# എക്സ്-റേ യുടെ പിതാവ്

എക്സ്-റേ യുടെ കണ്ടുപിടിത്തത്തിലൂടെ ശാസ്ത്റലോകത്ത് ശാശ്വ
പ്രതിഷ്ഠ നേടിയ ശാസ്ത്റജ്ഞനാണ്റോൺട്ജൻ.
ജർമനിയിലെ ലെന്നപ്പിൽ 1845 മാർച്ച് 27 നാണ്
വിൽഹെം കോൺറാസ് [Wilhelm Conrad Rontgen] ജനിച്ചത് . ഹോളണ്ടിലും സ്വിറ്റ്സർലാന്റിലും ആയിരുന്ന ആദ്യകാല വിദ്യാഭ്യാസം . ഭൗതിക ശാസ്ത്രത്തിൽ സൂറിച്ച്സർവകലാശാലയിൽ നിന്ന് ഡോക്ടറേറ്റ് നേടിയ റോൺടജൻ 1888 ൽ വുസ്ബർഗ് സർവകലാശാലയിൽ ഫിസിക്സ് ഡിപ്പാർട്ടുമെന്റിന്റെ മേധാവിയായി.

## എക്സ്-റേ ഉണ്ടാക്കുന്നത്?

അതിവേഗം സഞ്ചരിക്കുന്ന ഇലക് ട്രോണുകളെ ഖരവസ്തു തടഞ്ഞു നിർത്തുമ്പോഴാണ് (സാധാരണയായി ടങ്സ്റ്റൺ-Tungsten-ആണ് ഉപയോഗിക്കുന്നത്) എക്സ്-റേ ഉണ്ടാകുന്നത്.തരംഗദൈർഘ്യം  കുറഞ്ഞ വിദ്യുത്കാന്തിക വികരണമാണ്എക്സ്-റേ.

## ഭൗതിക ശാസ്ത്രത്തിലെആദ്യ നോബൽ

എക്സ്-റേ കണ്ടത്തിയതിന് ഭൗതികശാസ്ത്രത്തിനുള്ള ആദ്യ നൊബേൽ സമ്മാനം 1901 ൽ റോൺട്ജനു ലഭിച്ചു

## മനുഷ്യരാശിയുടെ മുഴുവൻ നന്മയ്ക്ക്

രോഗനിർണയരംഗത്ത് ഇത് വിപ്ലവകരമായ മാറ്റങ്ങൾ വരുത്തി. തന്റെ കണ്ടുപിടിത്തം മനുഷ്യരാശിയുടെ മുഴുവൻ എനന്മയ്ക്ക്  തകരണം ന്നാശിച്ച റോൺട്ജൻ കണ്ടുപിടിത്തത്തിന് പേറ്റെന്റെടുത്തില്ല.

## ദരിദ്രനായി മരിച്ചു

പെറ്റെന്റിലൂടെ കോടിക്കണക്കിന് ഡോളർ സ്വന്തമാക്കായിരുന്നു എങ്കിലും അത് വേണ്ടെന്നു വച്ചതിനാൽ റോൺട്ജന്റെ അന്ത്യം
ദുരിതപൂർണമായി. ഒന്നാം ലോകമഹായുദ്ധാനന്തരം ജർമ്മനി ദുരിതത്തിൽപ്പെട്ട് ഉഴലുന്നകാലം,ദാരിദ്ര്യവും മറ്റ് പരാധീനതളും അനുഭവിച്ച് കൊണ്ട് 1923 ഫെബ്രുവരി 10 ന് അദ്ദേഹം മ്യൂണിക്കിൽ വച്ച് മരിച്ചു.

# SCHOOL NCC CADETS











# <u>കായിക നേട്ടങ്ങൾ</u>

ജില്ലാ സംസ്ഥാന തലം നേട്ടങ്ങൾ:-











# SCHOOL SPC CADET














ചെർപ്പുളശ്ശേരിയുടെ അഭിമാനം




# Red cross



YOUTH FEST State winners 2017- 2018



ശാസ്ത്രമേള

- അസ്ന പി.ടി -റിസർച്ച് ടൈപ്പ് പ്രോജറ്റ്
- സഹല-റിസർച്ച് ടൈപ്പ് പ്രോജറ്റ്

പ്രവർത്തി പരിചയ മേള

- ഫാത്തിമ ഹസ്ന- doll making

കലോത്സവം ചാക്യാർക്കൂത്ത്- പാഠകം - ദേവനാരായണൻ.റ്റി

- അറബിക് കലോത്സവം -ആദിൽ.



ഹിന്ദി കവിത -ഫിസ ഫാത്തിമ




Mappila pattu Adil.O K



# 2018 -2019

2018-19 വർഷത്തിൽ സ്കൂൾ കരസ്ഥമാകിയ നേട്ടങ്ങൾ


സാമൂഹിക ശാസ്ത്രമേള

- പ്രാദേശിക ചരിത്രം- ഹിമ ശങ്കർ

ശാസ്ത്രമേള improvised expiriment

രോഹിത് അച്യുത് കുമാർ

അരുൺ ദേവ്



Maths Quiz

Shabeeb





VAISHNAVI.J.WARRIER - BARATHANATYAM

ആദിത്യ -ബീഡ്സ് വർക്ക്




പ്രവർത്തി പരിചയ മേള

സഹല കെ-പഴവർഗ സംസ്കരണം















Mohammed Abdul Haseeb



## Ivan The Prince

Far away in Russia there lived a king who ruled Moscow . He had three sons .The youngest of them was Ivan . Unlike his brothers Ivan was very obedient and smart .He was loved by all except his jealous brothers .Ivan's father possessed a tree that bears golden apples everyday. One day the king was shocked to find the golden apples being stolen. Even the guards couldn't find the thief. The king was very disappointed. He started losing his health and was found sleepless. By seeing their father's misery the princes decided to guard the tree. On the first day the eldest prince stood guard. Before midnight he was awaken and when he so none he slept. Next morning the found more apples stolen. It was the turn of the second prince he too did the the same as the eldest prince . When the day came Ivan was careful not to sleep and when he felt that sleep will conquer him he washed his face in the fountain. After midnight a blazing light appeared and Ivan saw the thief it was a

fire bird . Hiding himself Ivan caught the fire bird but alas it escaped from his clutches leaving him a blazing beautiful feather. When the king find the thief he asked his sons to capture the bird wandering in all the lands. The brothers set off their journey to find the bird. On his way Ivan slept .When he woke up all he saw was a heap of bones ! It was the bones of the steed that Ivan took for his journey. Nearby he saw a jackal. When Ivan took his bow to shoot the jackal it cried in human voice for mercy. Ivan asked the jackal to help him find the fire bird. The jackal said that the fire bird is the pet of King of Multan. He took the prince to the kingdom and advised him not to touch the golden cage that the bird is usually kept. But when he saw the cage Ivan was attracted to the cage and touched the cage. Ivan was caught and the king demanded the golden maned horse of King of Berlin to give him the fire bird. This repeated in the case of the golden maned horse but it was not the cage but a golden saddle. The king demanded Yelena the princess as his bride from the kingdom of Jordan . This time the jackal disguised itself as the prince and kidnapped the princess. On seeing the princess Ivan fell in love with her and asked the jackal to help him. The jackal rolled in mud and alas ! The jackal transformed into beautiful Yelena the next moment. The king of Berlin happily gave him the gold maned horse . At night the King fainted to see the jackal in place of his bride. At the moment the jackal went to the hut where prince Ivan and Yelena was kept bringing the hidden horse from the cave nearby. By the same way they tricked the King of Multan. Finally with the riches he was off to his kingdom with firebird, horse and the princess. On reaching near the territory of Ivan's kingdom the jackal bid farewell saying that there would be another incident soon in which Ivan would need the jackal's help. Ihearing thivan wondered on s. During his remaining journey Ivan decided to rest under a tree and fell to

sleep.

His brothers who happened to pass by saw the riches their brother have gained. To possess it they killed their brother and threatened to kill the princess if she reveals the truth. This time the jackal came and captured a raven's young one and asked it to bring the water of death and water of life. As it had no choice the raven was off to find the water of death and water of life. Soon after a hour the raven brought the waters and freed its young one. The jackal poured the water of death on Ivan and his wounds were healed. Again the jackal applied the water of life Ivan woke up as from a sleep. They together killed Ivan's brothers and took the riches to Ivan's castle. They showed the riches to Ivan's father and explained how they punished the other brothers for their cruelty. The king overcame his grief and Ivan married the princess and lived happily until death.


ABDUL ARIF P.K


KITE MASTER
HST MATHS
G.H.S.S CHERPULASSERY



## കനകചതുരങ്ങൾ (golden rectangles)

മനോഹരമായ പല കെട്ടിടങ്ങളും മികച്ച കഥാകാരന്മാരുടെ ചിത്രങ്ങളുമെല്ലാം കനകചതുരത്തിൽ ആണ്.
ഇതിൽ നിന്ന് വലിയ സമചതുരം മുറിച്ച് മാറ്റിയാൽ ശേഷിക്കുന്ന ചതുരത്തിന്റെ വശങ്ങൾ തമ്മിലുള്ള അംശബന്ധവും ഇതു തന്നെ ആയിരിക്കും.ഒന്ന് കൂടി മുറിച്ച് മാറ്റിയാൽ ഈ അംശബന്ധം തുടരും.





# भारत माता की ध्वनि हम से

हे, मनव सुनते हो तुम
हिमार्दी फ्रङ्ग से दिव्य मन्त्र् ध्वनि ?
दैकते हो तुम दिगन्त मे में पुर्वजो के सर्ग समृध्याँ
स्वप्न था अपने पुर्वजों के
शान्ति समाधन समृद्धि ये सब
तुमहारी तन्द्रियों के गीत हो
लेकिन अलग रास्ता तुम अपनाये हो

करते हो क्या अब तुम ,पेते हो तुम रक्त भूमाता की
पहचानोगे कैसे अपने भाई  को
अपने माता को भी भूल जत तो
विद्रोह कर्ते हो? लूटते हो? लटते हो?
मेरी छाति पर भि बम्रूपी चूरा मारते हो?
विद्रोह कर्ते  हो आपस मे,पद सम्पति जाति के नाम प्र
जन्म जन्म बाद मिले मानव जन्म को

गम्वाते हो तुम वृथा - ।
पूर्वजो के तप से मिले जो सिद्धियॉ बदल दी तुम ने सम्हार शस्त< में
आओ मेरि गोद मे आओ मानो तुम सब एक है,नाम रूप अनेक है
येहॉ निहित है स्वर वरर्ण अनेक  ताल छनद अनेक

आओ तुम मेरी गोद मे
और साकार करो पूर्वजो के स्वप्न को.....

ഷൈലജ.എം.എസ്

HST Hindi

Kite Mistress

GHSS Cherpulassery

ഹരിതസേന കൺവീനർ

പി.ടി കലാവതി ടീച്ചർ

ജി.എച്ച്.എസ്.എസ്

ചെർപ്പുളശ്ശേരി



ആതുരസേവനം ,ഹരിതപ്രവർത്തനങ്ങൾക്ക് നേതൃത്വം .



# Onam Fest







**സ്കൂൾ വേല**





# State level  Mock Parliament competition

# 7th Place










# Wall of Peace



# <u>Pro.Suresh K Nair</u>








## Peace is writ large on this wall

*Cherpulassery school wall depicts images of freedom struggle in Malabar*

K.A. SHAJI
PALAKKAD

While the women's wall to be formed across the State on Tuesday with the messages of gender justice and equality is evoking a heated political debate, a wall of permanent nature with the theme 'freedom' is getting ready in Cherpulassery here.

Visualised by Suresh K. Nair, a teacher of fine arts at Benaras Hindu University, the wall is being built at the initiative of P.V. Shaheen, a lawyer practising in West Asia.

The 7,000-sq-m wall is coming up around the Government Higher Secondary School in Cherpulassery with graffiti and relief works depicting the region's long association with the freedom struggle, especially the 1921 rebellion against the British.

"Fifteen of my students are converting the wall as a permanent gallery by portraying the struggles that shaped the present-day Malabar. The wall will be ready by January second week," said Mr. Nair.

**In many tongues**

The word 'peace' would be etched on the wall in 200 languages. It would also carry messages for world peace and total disarmament.

Above all, the wall is emerging as a rich tribute to freedom fighter Moozhikkunnath Brahmadathan Namboodiri, who was excommunicated for undergoing jail term for a false criminal case charged by the British police. Images of police atrocities on him are also depicted on the wall.

"Moozhikkunnath was one of the public faces of the anti-British movement in the region. The wall is a memorial of sorts for him," said Mr. Nair, a native of Adakkaputhur, who has initiated similar projects across the country, including the Wagah border. A winner of many awards for fine arts, Mr. Nair left for Benaras after a long stint with the Sri Sankara University of Sanskrit in Kalady.

**Message of freedom:** Artist Suresh K. Nair near the art wall project at Cherpulassery in Palakkad. • K.K. MUSTAFAH

**Around ₹20 lakh**


"The school has no wall. Now it is getting a unique wall that can attract visitors. Such a huge art wall is a rarity," said P. Jose, Principal of the school. The fine arts students involved in the project hail from Uttar Pradesh, Bihar, Karnataka, and Uttaranchal.

Mr. Shaheen and his friends in Cherpulassery are meeting the expenses of the wall that may cost around ₹20 lakh.







# Peace is writ large on this wall

*Cherpulassery school wall depicts images of freedom struggle in Malabar*

K.A. SHAJI
PALAKKAD

While the women's wall to be formed across the State on Tuesday with the messages of gender justice and equality is evoking a heated political debate, a wall of permanent nature with the theme 'freedom' is getting ready in Cherpulassery here.

Visualised by Suresh K. Nair, a teacher of fine arts at Benaras Hindu University, the wall is being built at the initiative of P.V. Shaheen, a lawyer practising in West Asia.

The 7,000-sq-m wall is coming up around the Government Higher Secondary School in Cherpulassery with graffiti and relief works depicting the region's long association with the freedom struggle, especially the 1921 rebellion against the British.

"Fifteen of my students are converting the wall as a permanent gallery by portraying the struggles that shaped the present-day Malabar. The wall will be ready by January second week," said Mr. Nair.

**In many tongues**

The word 'peace' would be etched on the wall in 200 languages. It would also carry messages for world peace and total disarmament.

Above all, the wall is emerging as a rich tribute to freedom fighter Moozhikkunnath Brahmadathan Namboodiri, who was excommunicated for undergoing jail term for a false criminal case charged by the British police. Images of police atrocities on him are also depicted on the wall.

"Moozhikkunnath was one of the public faces of the anti-British movement in the region. The wall is a memorial of sorts for him," said Mr. Nair, a native of Adakkaputhur, who has initiated similar projects across the country, including the Wagah border. A winner of many awards for fine arts, Mr. Nair left for Benaras after a long stint with the Sri Sankara University of Sanskrit in Kalady.

**Around ₹20 lakh**

"The school has no wall. Now it is getting a unique wall that can attract visitors. Such a huge art wall is a rarity," said P. Jose, Principal of the school. The fine arts students involved in the project hail from Uttar Pradesh, Bihar, Karnataka, and Uttaranchal.

Mr. Shaheen and his friends in Cherpulassery are meeting the expenses of the wall that may cost around ₹20 lakh.

**Message of freedom:** Artist Suresh K. Nair near the art wall project at Cherpulassery in Palakkad. • K.K. MUSTAFAH







***SSLC FARWELL***






little KITEs